പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T.310

13/10/2011 - ൽ
മറുപടിക്ക്

## പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, കെ. അച്ചുതൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

(എ) സംസ്ഥാനത്ത് പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെയുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക കോടതി വേണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഇങ്ങനെ ഒരു ആവശ്യം ഉന്നയിക്കുന്ന തിനുള്ള സാഹചര്യം എന്തായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഈ ആവശ്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

(എ) (ബി) &(സി)

ഇത് സംബന്ധിച്ച ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഇപ്പോൾ 1984-ലെ പൊതുമുതൽ നശീകരണം തടയൽ നിയമം (PDPP Act) പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് കൂടാതെ 17.12.2003-ലെ സ.ഉ.(കൈ) 277/2003/ ആഭ്യന്തരം പ്രകാരം നഷ്ട പരിഹാരം ഈടാക്കുന്നതിനായി Damage Suit File ചെയ്തും നടപടി സ്വീകരിക്കുന്നുണ്ട്. ബഹു.സുപ്രീംകോടതിയിൽ നിലവിലിരുന്ന ക്രിമിനൽ റിട്ട് പെറ്റിഷൻ നം.73/2007, 77/2007 എന്നീ കേസുകളിൽ ജസ്റ്റിസ് കെ.ടി. തോമസ്, ശ്രീ.എഫ്.എസ്. നരിമാൻ എന്നിവരുടെ നേതൃത്വത്തിലുള്ള രണ്ട് കമ്മിറ്റികൾ കോടതി നിർദ്ദേശ പ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പൊതു,

സ്വകാര്യസ്വത്തുക്കൾക്ക് നാശ
നഷ്ടം സംഭവിക്കുന്നത്
തടയുന്നതിനുള്ള വിശാലമായ
മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ
ഉത്തരവ് 16.04.2009-ൽ
സുപ്രീം കോടതി പുറപ്പെടു
വിക്കുകയുണ്ടായി. ഇത് നടപ്പി
ലാക്കുന്ന തിനായി സംസ്ഥാന
പോലീസ് മേധാവി നൽകി
യിട്ടുള്ള കരട് നിർദ്ദേശങ്ങൾ
നിയമോപദേശത്തിനായി
അഡ്വക്കേറ്റ്ജനറലിന് നൽകി
യിട്ടുണ്ട്. ആയത് ലഭ്യമാകുന്ന
മുറയ്ക്ക് ഇക്കാര്യത്തിൽ
ആവശ്യമായ തുടർ നടപടികൾ
സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ